പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 200 — 4/10/2011 ൽ മറുപടിയ്ക്ക്

## ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി:<br>ശ്രീ.സി.മമ്മൂട്ടി :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :<br>ശ്രീ.എം.ഉമ്മർ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ ; | (എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ ഭവന രഹിതർക്കും വീട് നൽകുക, എല്ലാ ഭൂരഹിത–ഭവന രഹിതർക്കും ഭൂമിയും വീടും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഇ.എം.എസ് ഭവന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 2012 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം ഇതുവരെ 83985 വീടുകൾ പൂർത്തീകരിക്കുകയും 134930 വീടുകളുടെ നിർമ്മാണം വിവിധഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ് എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പദ്ധതി പ്രവർത്തനത്തിൽ മാന്ദ്യമുണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; | (ബി) നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം, മണലിന്റെ ലഭ്യതക്കുറവ്, വസ്തുവിന്റെ വിലക്കൂടുതലും സ്ഥലത്തിന്റെ ലഭ്യതക്കുറവും കാരണം ഗുണഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ട്, പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെ ജോലി ഭാരം മൂലം കൃത്യമായ മോണിറ്ററിംഗ് നടത്താൻ കഴിയാതെ വരിക എന്നിവ പദ്ധതിയ്ക്ക് മാന്ദ്യമുണ്ടാകാൻ കാരണമായിട്ടുണ്ട്. |

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾക്ക് സഹായം നൽകാനാണ് ലക്ഷ്യമിട്ടത്? എത്രത്തോളം പൂർത്തിയാക്കാനായി ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീടും ഭൂരഹിത-ഭവന രഹിത കുടുംബങ്ങൾക്ക് വീടും ഭൂമിയും ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ഇതുവരെ 83985 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ധനസമാഹരണം നടത്തിയത് ഏതു വിധത്തിലെന്നും എത്രത്തോളം തുക സമാഹരിച്ചു എന്നും വിശദമാക്കാമോ ?

(ഡി) ഉദ്യോഗസ്ഥരുടെ സംഘങ്ങൾ പരിശോധന നടത്തി തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും 2009-10, 2010-11 വർഷങ്ങളിൽ കേന്ദ്ര-സംസ്ഥാന പദ്ധതികളിൽപ്പെടുത്താവുന്ന ഗുണഭോക്താക്കളെ മതിയായ അധിക വിഹിതം വകയിരുത്തി ആ പദ്ധതികളിൽ ഉൾപ്പെടുത്തുകയും പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്താവുന്നവരെ അതിൽപ്പെടുത്തുകയും അവശേഷിക്കുന്ന ഗുണഭോക്താക്കളെ 2008-09, 2009-10 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വികസന ഫണ്ടിന്റെ 15% തുക വകയിരുത്തിയും ഉദാരമതികളായ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ മുതലായവരിൽ നിന്നും പ്രാദേശികമായി ഇ.എം.എസ് ഭവന പദ്ധതി എന്ന പേരിൽ ഫണ്ട് സമാഹരിച്ചും, 2010-11 മുതൽ പത്ത് വർഷക്കാലയളവിൽ ലഭിക്കുന്ന പൊതുവിഭാഗം വികസന ഫണ്ട് വിനിയോഗിച്ച് തിരിച്ചടയ്ക്കുന്ന രീതിയിൽ സർക്കാർ അനുമതിയോടെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കിയുമാണ് ധനസമാഹരണം നടത്തിയിട്ടുള്ളത്. ഈ പദ്ധതിക്കായി ഇതുവരെ ഏകദേശം 1406.88 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ